ഉത്തരം

(എ) പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പുതിയ കാർഡ് നിലവിൽ വരുമ്പോളുവരെ പഴയ കാർഡ് ഉപയോഗിക്കാവുന്നതാണ്. എല്ലാ ആനുകൂല്യങ്ങളും ഇപ്പോൾ ഉപയോഗിക്കുന്ന കാർഡ് വഴി ഗുണഭോക്താക്കൾക്ക് ലഭിക്കും.

(സി) സർക്കാർ ഏജൻസിയായ സി-ഡിറ്റ് ആണ് റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ. ഡാറ്റാ എൻട്രിക്കായി സർക്കാർ ഏജൻസികളായ സി-ഡിറ്റ്, അക്ഷയ, കുടുംബശ്രീ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) ഇല്ല.

**പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ**

235 (1319) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റേഷൻകാർഡുടമകൾക്ക് പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ബി) രേഖപ്പെടുത്തിയ വിവരങ്ങളിൽ കടന്നുകൂടിയ തെറ്റുകളും പിശകുകളും തിരുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയുണ്ടായോ ;

(സി) പുതിയ റേഷൻകാർഡുകൾ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പുതിയ റേഷൻ കാർഡ് നൽകുന്നതിനായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ -പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുത്ത് ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഡാറ്റാ എൻട്രി നടത്തി ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതത് രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകി ഡേറ്റകളിലെ കുറ്റമറ്റ ഉറപ്പ് വരുത്തുന്ന നടപടി പുരോഗമിക്കുന്നു.

(ബി) പൂർത്തീകരിച്ചുവരുന്നു.

(സി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**നെല്ല് സംഭരണം**

236 (1320) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നെൽകർഷകർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന സംഭരണ വില ലഭ്യമാക്കി നെല്ല് സംഭരിക്കുകയും പൊതു വിതരണ ശൃംഖലയിലൂടെ കാർഡുടമകൾക്ക് ഗുണമേന്മയുള്ള അരി ലഭ്യമാക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ അടിസ്ഥാനലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനായി ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും, നെല്ലെടുപ്പിനും, തുടർന്നുള്ള എല്ലാ നടപടികൾക്കും വകുപ്പിലേയും കോർപ്പറേഷനിലേയും ഉദ്യോഗസ്ഥരെയും പൊതുവിതരണ ശൃംഖലയേയും ബന്ധിപ്പിച്ച് സുതാര്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly